# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3879.

21-10-2016 ൽ മറുപടിയ്ക്ക്

## പൊക്കാളി കൃഷി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>.. കെ.ജെ. മാക്സി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പൊക്കാളി കൃഷി വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊക്കാളി കൃഷി വികസിപ്പിക്കുന്നതിനായി 'പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം' പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 10000/- രൂപ (പതിനായിരം രൂപ) ധനസഹായം നൽകിവരുന്നു. പൊക്കാളി നില വികസന ഏജൻസിയുടെ ഫണ്ടുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം നൽകിവരുന്നു. കൂടാതെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുറംബണ്ട്, ഡ്രൈയിംഗ് യാർഡ്, പെട്ടി, പറ, വൈദ്യുതീകരണം എന്നിവ നടപ്പാക്കുന്നുണ്ട്. പൊക്കാളി കൃഷിക്കായി ജനകീയാസൂത്രണ പദ്ധതി മുഖാന്തിരം നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. ഇതിനുപുറമെ ഉല്പാദന ബോണസ്സായി ഹെക്ടറിന് 1000/- രൂപയും നൽകിവരുന്നു. |
| (ബി) തരിശായി കിടക്കുന്ന പൊക്കാളി പാടശേഖരങ്ങളിൽ നെൽകൃഷി നടത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 30000/ രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം തരിശായിക്കിടക്കുന്ന പൊക്കാളി നിലങ്ങൾക്കും നൽകുന്നതാണ്. |

(സി) പൊക്കാളി കൃഷി വികസന ഏജൻസിയുടെ കീഴിൽ എത്ര ഹെക്ടർ പാടശേഖരങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊക്കാളി കൃഷി വികസന ഏജൻസിയുടെ കീഴിൽ 4055 ഹെക്ടർ പാടശേഖരങ്ങൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | ബ്ലോക്കിന്റെ പേര് | പാടശേഖരങ്ങളുടെ വിസ്തീർണ്ണം (ഹെ.) |
|---|---|---|
| 1 | നെടുമ്പാശ്ശേരി | 25 |
| 2 | പറവൂർ | 695 |
| 3 | ആലുവ | 246 |
| 4 | കളമശ്ശേരി | 597 |
| 5 | തൃപ്പൂണിത്തുറ | 318 |
| 6 | മുളന്തുരുത്തി | 100 |
| 7 | വൈറ്റില | 1158 |
| 8 | ഞാറയ്ക്കൽ | 916 |
| | ആകെ | 4055 |

(ഡി) പ്രസ്തുത ഏജൻസിയുടെ 2011 - 2016 കാലയളവിലെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദീകരിക്കുമോ?

(ഡി) പൊക്കാളി നില വികസന ഏജൻസിയുടെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനുള്ള സഹായം, ഡ്രൈയിംഗ് യാർഡ്, പെട്ടി, പറ എന്നിവയ്ക്ക് ധനസഹായം. വെള്ളം കയറ്റി ഇറക്കുന്നതിനുള്ള പമ്പ് നിർമ്മിച്ചുനൽകൽ, പാടശേഖരങ്ങളിൽ വൈദ്യുതീകരണത്തിന് ധനസഹായം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ പാടശേഖരങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷൻ നേടികൊടുക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

[signature]

സെക്ഷൻ ഓഫീസർ